മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മാർച്ച് 28

# വാർത്താക്കുറിപ്പ്

---

## ബയോ ഫെസ്റ്റ് സമാപിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാല ബയോ ഫോറം കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബയോ ഫെസ്റ്റ് ഇൻവിക്റ്റസ് സമാപിച്ചു. വിദ്യാർത്ഥികൾക്കായുള്ള വിവിധ മത്സരങ്ങൾ, ആർട്ട് എക്സ്പോ, ഫുഡ് ഫെസ്റ്റ് തുടങ്ങിയ പരിപാടികളും ഫെസ്റ്റിൻ്റെ ഭാഗമായി നടന്നു. പ്രശസ്ത സംവിധായികയും ദേശീയ അവാർഡ് ജേതാവുമായ വിധു വിൻസെൻ്റ് ഉദ്ഘാടനം ചെയ്തു. 'ശാസ്ത്ര വിദ്യാർത്ഥികളും മാനവികതയും' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണവും നടത്തി. സ്കൂൾ ഓഫ് ബയോ സയൻസസ് ഡയറക്ടർ ഡോ. എം.എസ്. ജിഷ അധ്യക്ഷത വഹിച്ചു. ഡോ. അജു കെ. നാരായണൻ സംസാരിച്ചു. മത്സരങ്ങളിൽ വിജയിച്ച വിദ്യാർത്ഥികൾക്കുള്ള സമ്മാനദാനവും നടന്നു.

ഫോട്ടോ ക്യാപ്ഷൻ.: ബയോ ഫോറം സംഘടിപ്പിച്ച ബയോ ഫെസ്റ്റ് സംവിധായിക വിധു വിൻസെൻറ് ഉദ്ഘാടനം ചെയ്യുന്നു.

(പി.ആർ.ഒ./39/369/2022)

## പരീക്ഷ മാറ്റി

മാർച്ച് 30 ന് ആരംഭിക്കാനിരുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ. (2021 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/370/2022)

## അപേക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി / എം.എ. (ഇന്റഗ്രേറ്റഡ് എം.എസ്.സി ബെയ്സിക് സയൻസസ്-സ്റ്റാറ്റിസ്റ്റിക്സ് / ബെയ്സിക് സയൻസസ് - കെമിസ്ട്രി / കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീന് ലേണിംഗ് / ഇന്റഗ്രേറ്റഡ് എം.എ. ഇംഗ്ലീഷ്)(പുതിയ സ്കീം - 2020 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾക്ക് പിഴയില്ലാതെ ഏപ്രിൽ നാല് മുതൽ ആറ് വരെയും 525 രൂപ പിഴയോടു കൂടി ഏപ്രിൽ ഏഴിനും 1050 രൂപ സൂപ്പർഫൈനോടു കൂടി ഏപ്രിൽ എട്ടിനും അപേക്ഷിക്കാം.

## പരീക്ഷാ തീയതി

മാർച്ച് 22 ന് ആരംഭിച്ച ഒന്ന്, രണ്ട് സെമസ്റ്റർ / ആനുവൽ സ്കീം ബി.എഡ്. (അദാലത്ത് - സ്പെഷ്യൽ മേഴ്സി ചാൻസ് - 2018) പരീക്ഷയോടൊപ്പം 'സൈക്കോളജിക്കൽ ബെയ്സസ് ഓഫ് എഡ്യുക്കേഷൻ' എന്ന പേപ്പർ കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. പരീക്ഷാ തീയതി ഏപ്രിൽ ആറ്. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/372/2022)

## പരീക്ഷാ ഫലം

2021 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ - എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (2015, 2012-2014 അഡ്മിഷൻ - സപ്ലിമെന്ററി), ബി.എ. ക്രിമിനോളജി - എൽ.എൽ.ബി. (2011 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 11.

(പി.ആർ.ഒ./39/373/2022)

2021 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.കോം - എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (ഓണേഴ്സ്) (2018 അഡ്മിഷൻ - റെഗുലർ / 2013-2014, 2015-2017 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 11.

(പി.ആർ.ഒ./39/374/2022)

2021 മാർച്ചിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ബി.എ - എൽ.എൽ.ബി. പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി (ഓണേഴ്സ്) (2018 അഡ്മിഷൻ - റെഗുലർ / 2015-2017, 2013, 2014 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 11.

(പി.ആർ.ഒ./39/375/2022)

2021 നവംബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷാഫലം പ്രഖ്യാപിച്ചു. പുനർമൂല്യനിർണയത്തിനും

സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ ലഭിക്കേണ്ട അവസാന തീയതി ഏപ്രിൽ 11.

(പി.ആർ.ഒ./39/376/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ